

## വല്ലാർപാടം
# വികസനം ചോദ്യംചെയ്യപ്പെടുന്നു

എസ്. ശരത്

മൂലധനശക്തികളെ കൂട്ടുപിടിച്ച് തലതിരിഞ്ഞ വികസനതന്ത്രങ്ങളുമായി കൂടുതൽ സ്മാർട്ടാകാൻ കൊച്ചി നഗരം വെമ്പൽകൊള്ളുമ്പോൾ വിനാശ വികസനത്തിന് കൂട്ടുനിൽക്കാത്തവരെ തുടച്ചുനീക്കിക്കളയാമെന്ന മനോഭാവത്തോടെ ഭരണകൂടം കൊച്ചിയെ മെട്രോ നാഗരികതയിലേക്ക് തള്ളികയറ്റുകയാണ്. കൊച്ചിയുടെ സാമൂഹിക, പാരിസ്ഥിതിക, സാമ്പത്തിക ആവാസവ്യവസ്ഥയ്ക്ക് താങ്ങാൻ കഴിയാത്ത കോടികളുടെ പദ്ധതികളുമായി സർക്കാരും സ്വതന്ത്ര സംരംഭകരും സാധാരണ ജീവിത സാഹചര്യങ്ങളെ തച്ചുതകർക്കുകയാണ്. നഗരത്തിന്റെ ആർഭാടങ്ങളെ സ്വീകരിക്കാൻ സാമ്പത്തിക ശേഷിയില്ലാത്ത ഒരു ജനവിഭാഗത്തെ സൃഷ്ടിച്ചുകൊണ്ട് അവരെ അവിടെ നിന്നും പറിച്ചുമാറ്റുകയാണ് മെട്രോ നഗരം. സ്മാർട്ട് സിറ്റിക്കുപുറമെ യാഥാർത്ഥ്യമാകാൻ പോകുന്ന വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ കൊച്ചിയിലേക്ക് തലതിരിഞ്ഞ വികസനവുമായി കടന്നെത്തുന്നു. വലിയ മദർഷിപ്പുകളെ വഹിക്കാൻ ശേഷിയുണ്ടെന്ന് പറയപ്പെടുന്ന വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ ഒരു പ്രകൃതിദത്ത തുറമുഖമല്ല. പാരിസ്ഥിതിക പ്രശ്നങ്ങൾ വകവയ്ക്കാതെ വല്ലാർപ്പാടത്തെ തുറമുഖമായി വികസിപ്പിക്കുന്നതിന്റെ പേരിൽ ക്രമക്കേടുകളുടെ എണ്ണമില്ലാത്ത പദ്ധതികളാണ് കൊച്ചിയിൽ അരങ്ങേറുന്നത്. നിർദ്ദിഷ്ട വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ പദ്ധതി പ്രദേശത്തെ കടലിന്റെ ആഴം 12.5 മീറ്റർ മാത്രമാണ്. കണ്ടെയ്നറുകൾ വഹിച്ച വലിയ മദർഷിപ്പുകൾക്ക് തടസ്സം കൂടാതെ കടന്നുവരാൻ 21 മുതൽ 25 മീറ്റർ വരെ ആഴം ആവശ്യമാണ്. മണ്ണ് കുഴിച്ചെടുത്തുകൊണ്ടാണ് സർക്കാരും പദ്ധതി കരാറിൽ ഒപ്പുവെച്ച ദുബായ് പോർട്ട് കമ്പനിയും വല്ലാർപ്പാടത്തെ കപ്പൽച്ചാലിന്റെ ആഴം 12.5 മീറ്ററിൽനിന്നും 25 മീറ്ററിലേക്ക് വർദ്ധിപ്പിക്കുന്നത്. പാരിസ്ഥിതിക ആഘാതങ്ങൾ കണക്കിലെടുക്കാതെ നടക്കുന്ന ഈ മണ്ണെടുക്കലിനേക്കാൾ വലിയ വിനാശപ്രവർത്തനങ്ങളാണ് വല്ലാർപ്പാടം പദ്ധതിയുടെ മറവിൽ കൊച്ചിയിൽ നടക്കുന്നത്. വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിനെ സംസ്ഥാനത്തെ പ്രധാന ദേശീയ റോഡ്, റെയിൽ പാതകളുമായി ബന്ധിപ്പിക്കാമെന്ന് കരാറിൽ ദുബായ് പോർട്ട് കമ്പനിക്ക് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ ഏറ്റവുമധികം ജനസാന്ദ്രതയുള്ള പ്രദേശങ്ങളിലെ ജനങ്ങളെ അവരുടെ സ്വസ്ഥാനങ്ങളിൽ നിന്നും ഒഴിപ്പിച്ചുകൊണ്ടാണ് വല്ലാർപ്പാടത്തേക്കുള്ള റോഡ്, റെയിൽ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സർക്കാർ ആരംഭിച്ചിരിക്കുന്നത്. പരസ്യമായി മനുഷ്യാവകാശങ്ങളെയും സാമൂഹിക നീതിയെയും പാരിസ്ഥിതിക സുസ്ഥിരതയെയും നിയമങ്ങളെയും കാറ്റിൽ പറത്തിക്കൊണ്ടാണ് സർക്കാരിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. റോഡുമാർഗ്ഗം വല്ലാർപ്പാടത്തെ ബന്ധിപ്പിക്കുന്ന പാത കളമശ്ശേരിയിൽ എൻ.എച്ച്. 47ൽ നിന്നുമാരംഭിച്ച് മഞ്ഞുമ്മൽ, ചേരാനെല്ലൂർ, കോതാട്, മൂലമ്പിള്ളി, മുളവുകാട് വഴി വല്ലാർപ്പാടത്തെത്തുന്ന രീതിയിലാണ് നിർണയിച്ചിരിക്കുന്നത്. 17.5 കിലോമീറ്റർ നീളമുള്ള ഈ നിർദ്ദിഷ്ട പാതയ്ക്ക് വേണ്ടി നീക്കിവച്ചിരിക്കുന്നത് 557 കോടി രൂപയാണ്. 200ൽ പരം കുടുംബങ്ങളെയും ആയിരത്തിലേറെ ആളുകളെയും അവരുടെ ദേശത്തുനിന്നും ഒഴിപ്പിച്ചുകൊണ്ടാണ് കണ്ടെയ്നറുകൾ വഹിക്കുന്ന ലോറികൾക്ക് മാത്രം കടന്നുപോകാൻ അനുമതിയുള്ള ഈ റോഡിന്റെ നിർമ്മാണം സർക്കാർ തുടരുന്നത്.

സ്ഥലമെടുപ്പിനായി മാത്രം നീക്കിവെച്ചിരിക്കുന്നത് 110 കോടി രൂപയാണ്. ഈ പതിനേഴ് കിലോമീറ്റർ റോഡിൽ പൊതുജനങ്ങൾക്ക് പ്രവേശനമില്ല. എക്സ്പ്രസ്സ് ഹൈവേയുമായി രൂപ സാദൃശ്യമുള്ള റോഡിന്റെ ഉയരം 7 മീറ്ററാണ്. കടന്നുപോകുന്ന പ്രദേശങ്ങളെ രണ്ടായി മുറിച്ച് ഒരു മതിലുപോലെയാകും ഈ റോഡ് കടന്നുപോകുന്നത്. റോഡ് നിർമ്മാണമുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചോ സാമൂഹിക, സാംസ്കാരിക വിപത്തുകളെക്കുറിച്ചോ സർക്കാർ ആകുലപ്പെടുന്നതേയില്ല. ദുബായ് പോർട്ടിന് വല്ലാർപാടത്ത് എല്ലാവിധ സൗകര്യങ്ങളുമൊരുക്കാൻ ജനോപദ്രവകരമായ എന്ത് പദ്ധതിക്കും അവർ തയ്യാറാണ്.

## പാരിസ്ഥിതിക പ്രശ്നങ്ങൾ

റോഡ്, റെയിൽ നിർമ്മാണത്തേക്കാൾ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്നതാണ് വല്ലാർപ്പാടം ടെർമിനലിന്റെ നിർമ്മാണം. വേമ്പനാട് കായലിൽനിന്നും മണ്ണെടുത്ത് കായലിന്റെ ആഴം കൂട്ടുന്നതിനാൽ കടൽ-കായൽ ജലത്തിന്റെ ഗതിവിഗതികളിലുണ്ടാകുന്ന വ്യതിയാനങ്ങളുടെ പ്രത്യാഘാതങ്ങൾ പ്രവചിക്കാൻ കഴിയാത്തതാണ്. ചെല്ലാനം കടപ്പുറത്ത് അടുത്തിടെയുണ്ടായ രൂക്ഷമായ കടലാക്രമണങ്ങൾ വല്ലാർപ്പാടത്തെ മണ്ണെടുക്കലിന്റെ ഫലമായുണ്ടായതാണെന്ന് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ കണ്ടെത്തിയിട്ടുണ്ട്. റംസർ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തോട്ടപ്പിള്ളി മുതൽ തൃശൂരിലെ കോൾപ്പാടങ്ങൾ വരെയുള്ള വേമ്പനാട് കായൽ മേഖല നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണമുള്ള സ്ഥലമാണ്. പാരിസ്ഥിതികമായി ദുർബലമായ ഈ മേഖലയിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുന്നോടിയായി പാരിസ്ഥിതിക ആഘാത രൂപരേഖ തയ്യാറാക്കാതെയാണ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. കോസ്റ്റൽ റെഗുലേറ്ററി സോൺ, CRZ 1-ൽ വരുന്ന വല്ലാർപ്പാടം മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിയമപരമായ തടസങ്ങളുണ്ട്. എന്നാൽ CRZ (1)ന്റെ ലംഘനം കാണിച്ചുകൊണ്ട് പൊതുജനം ഹൈക്കോടതിയെ സമീപിച്ചപ്പോൾ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ പരിധിയിൽ വരുന്ന സ്ഥലത്തേക്ക് വല്ലാർപ്പാടത്തെ കൂടി ഉൾപ്പെടുത്തി സർക്കാർ നിയമത്തെ മറികടക്കുകയായിരുന്നു. സ്ഥലം പോർട്ട് ട്രസ്റ്റിന്റെ പരിധിയിൽ വന്നാൽ CRZ (1) പ്രകാരമുള്ള നിയന്ത്രണങ്ങൾ ബാധിക്കുന്നതല്ല. വല്ലാർപ്പാടത്തുനിന്നും കളമശ്ശേരിയിലേക്കുള്ള കണക്ടിംഗ് റോഡിന്റെ നിർമ്മാണത്തിനായി 1600 ഏക്കർ ചെമ്മീൻകെട്ടും പൊക്കാളി പാടങ്ങളുമാണ് നികത്തുന്നത്. വല്ലാർപ്പാടം മുതൽ മുളവുകാട് വരെയുള്ള ഭാഗത്തെ ദ്വീപുകളെ റോഡ് വഴി ബന്ധിപ്പിക്കുന്നതിനായി 7 കിലോമീറ്ററോളം കായലാണ് 60 മീറ്റർ വീതിയിൽ നികത്തുന്നത്. നാടിന്റെ ജലസമ്പത്തിനെ പുഷ്ടിപ്പെടുത്തുന്ന 60-ൽപരം സർപ്പക്കാവുകൾ വെട്ടിമാറ്റപ്പെടും. 5000-ൽ പരം മരങ്ങളെയും, എണ്ണൂറോളം കിണറുകളെയുമാണ് ഈ റോഡ് നിരപ്പാക്കുന്നത്.

വടുതലയിൽ നിന്നും വല്ലാർപാടത്തേക്ക് ഇടപ്പള്ളി റെയിൽവേ സ്റ്റേഷനെ റെയിൽ മാർഗ്ഗം ബന്ധിപ്പിക്കുന്ന വഴിയും ഇതേ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. നഗരത്തിൽ ഏറ്റവുമധികം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന വടുതലയിലൂടെത്തന്നെ വല്ലാർപ്പാടത്തേക്ക് റെയിൽപാത കടന്നുപോകണമെന്ന സർക്കാരിന്റെ നിർബന്ധം തികഞ്ഞ യുക്തിയില്ലായ്മയാണ്. ഇടപ്പള്ളി മുതൽ വല്ലാർപ്പാടം വരെ 8 കിലോമീറ്റർ നീളത്തിൽ മുന്നൂറിലധികം കുടുംബങ്ങളെ ഒഴിപ്പിച്ചുകൊണ്ട് റെയിൽപാത പണിയാനാണ് സർക്കാരിന്റെ തീരുമാനം. ഇടപ്പള്ളി, വടുതല, ചന്ദനക്കാട്, പഴമ്പള്ളിത്തുരുത്ത്, മുളവുകാട്, വല്ലാർപ്പാടം എന്നതാണ് റെയിൽപാതയുടെ വഴി.

## മനുഷ്യാവകാശ പ്രശ്നങ്ങൾ

റെയിൽ-റോഡ് നിർമ്മാണത്തിന്റെ ഭാഗമായി അഞ്ഞൂറിലധികം കുടുംബങ്ങൾ ഒഴിപ്പിക്കപ്പെടുന്നുണ്ടെങ്കിലും അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളൊന്നും സർക്കാർ പരിഗണനയിലില്ല. കൃഷിഭൂമി നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരമല്ലാതെ കൃഷിഭൂമി തന്നെ ലഭിക്കുമെന്ന് യാതൊരുറപ്പുമില്ല. ഒഴിപ്പിക്കപ്പെടുന്നവർക്ക് സർക്കാർ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ച സമയത്ത് നിശ്ചയിച്ച വില മാത്രമാണ് ഭൂമിയ്ക്ക് നഷ്ടപരിഹാരമായി

**ഫാറം നമ്പർ 12**

(ചട്ടം 15 (3) കാണുക)

**ഭൂമി കൈവശത്തിലെടുക്കുന്നത് സംബന്ധിച്ച് എല്ലാ തൽപ്പര കക്ഷികൾക്കും നൽകുന്ന അറിയിപ്പ്**

അവാർഡ് നമ്പർ: 65/07 ൾ. 14/12/07

ആർക്ക് : ശ്രീ. അബ്ദുൾ സലാം
S/o. കുഞ്ഞുപരീത്
വലിയപറമ്പിൽ
ചേരാനല്ലൂർ

1894 ലെ സ്ഥലമെടുപ്പ് ആക്ട് (1894 ലെ 1-ാം കേന്ദ്ര ആക്ട്) പ്രകാരം താഴെ കുറിക്കുന്ന വസ്തു വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലേക്ക് റോഡ് നിർമ്മിക്കുന്നതിനുവേണ്ടി .....27-09-2005..................... തീയതിയിലെ ........................ നം ....................................... പേജിലെ 2149 നമ്പർ [illegible] വിജ്ഞാപനവും .....18-10-2005... തീയതികളിലെ പത്ര പരസ്യവും മുഖേന സർക്കാർ ഏറ്റെടുത്തിരിക്കുന്നതിനാൽ താങ്കൾ .......28/12/07.................. തീയതി വൈകുന്നേരത്തിന് മുമ്പ് അവിടെ നിന്ന് ഒഴിഞ്ഞ് പോകുകയും കൈവശാവകാശം റവന്യൂ ഇൻസ്പെക്ടറിന് അദ്ദേഹത്തിന് ഇക്കാര്യത്തിൽ ലഭിച്ചിട്ടുള്ള നിർദ്ദേശപ്രകാരം വിട്ടുകൊടുക്കുകയും ചെയ്യണമെന്നും ഇതിനാൽ അറിയിച്ചു കൊള്ളുന്നു. ഇങ്ങനെ ചെയ്യുന്നതിൽ താങ്കൾ വീഴ്ച വരുത്തിയാൽ സ്ഥലമെടുപ്പ് ആക്ടിലെ 47-ാം വകുപ്പ് പ്രകാരം ഈ വകുപ്പിന് വസ്തു വിട്ടുകിട്ടുന്നതിലേയ്ക്കായി നിർബന്ധിക്കുവാൻ സബ് ഡിവിഷൻ മജിസ്ട്രേറ്റിനെ അറിയിക്കുന്നതാണ്.

1894-ലെ സ്ഥലമെടുപ്പ് ആക്ട് പ്രകാരം ഭൂമി കൈവശത്തിലെടുക്കുന്നതിന് സർക്കാർ ജനങ്ങൾക്ക് അയച്ച ഭീഷണി സ്വരത്തിലുള്ള കത്ത്



പഴയ ഇ.ആർ.ജി. റെയിൽവേ സ്റ്റേഷനിൽ ഇപ്പോഴും നിലവിലുള്ള റെയിൽപാത

**ടാറ്റ കമ്പനി ഹിന്ദുസ്ഥാൻ ലിവറിന് കൈമാറിയ ഭൂമി ഇ.ആർ.ജി. സ്റ്റേഷന് സമീപമുണ്ട്. അവിടെ ഹിന്ദുസ്ഥാൻ ലിവറിന്റെ ഫ്ളാറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. 'ഗ്രീൻ ഏക്കേഴ്സ്' എന്ന ഈ ഫ്ളാറ്റ് സമുച്ചയത്തിന്റെ അടുത്തുകൂടി കടന്നുപോകുന്നതിനാലും, ലൂർദ് ഹോസ്പിറ്റലിന്റെ 5 മീറ്റർ പാർക്കിംഗ് ഏരിയ പോകുമെന്നതിനാലുമാണ് സർക്കാർ ഇ.ആർ.ജി. വഴിയുള്ള റെയിൽപാത ഉപേക്ഷിക്കാൻ കാരണമെന്ന് കരുതാം.**

നൽകുന്നത്. അതിനുശേഷം ഭൂമിയുടെ വില പലതവണ വർദ്ധിപ്പിക്കുകയുണ്ടായി. മാത്രമല്ല വല്ലാർപ്പാടം പദ്ധതി വരുന്നതിന്റെ ഭാഗമായി സമീപത്തുള്ള ഭൂമിയുടെ വില ക്രമാതീതമായി കൂടിയതിനാൽ അടുത്തുള്ള സ്ഥലങ്ങളിൽ നിന്നൊന്നും ഭൂമി വാങ്ങാൻ കഴിയാത്ത അവസ്ഥയിലാണ് ജനങ്ങൾ. ഒഴിഞ്ഞുപോകാൻ നോട്ടീസ് ലഭിച്ചിട്ടും ഭൂരിപക്ഷം ജനങ്ങളും ഒഴിഞ്ഞുപോകാൻ തയ്യാറാകാതെ സർക്കാർ നടപടിയെ ശക്തമായിത്തന്നെ നേരിടുകയാണ്. റോഡ് നിർമ്മാണത്തിനായി 7 കിലോമീറ്റർ നീളത്തിൽ കായൽ നികത്തുന്നതിനായി നിർമ്മിക്കുന്ന ബണ്ടുകൾ കായലിന്റെ നീരൊഴുക്കിനെ വ്യത്യാസപ്പെടുത്തുന്നു. ഇത് ചെമ്മീൻ കൃഷിയെ സാരമായി ബാധിക്കും. ആയിരത്തിലധികം ഏക്കർ പൊക്കാളി പാടങ്ങൾ നികത്തുന്നതുമൂലം പൊക്കാളി കൃഷിയെ ആശ്രയിച്ചിരുന്ന നിരവധി പേരുടെ ജീവിതം ദുരിതത്തിലാകും. കായലും ചെമ്മീൻ പാടവുമായി ബന്ധപ്പെട്ട് മത്സ്യബന്ധനവും കൃഷിയുമായി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നവരാണ് റോഡ്-റെയിൽ നിർമ്മാണത്തിന്റെ ഇരകളാകുന്നവരിൽ ഭൂരിപക്ഷവും. കായലുമായി ബന്ധമില്ലാത്ത ഒരു മേഖലയിലേക്കുള്ള പുനരധിവാസം ഇവരുടെ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിൽപരമായ ശീലങ്ങളെ തകർക്കുകയും പ്രാപ്തമല്ലാത്ത തൊഴിൽമേഖലകൾ സമ്മർദ്ദങ്ങളുടെ ഫലമായി സ്വീകരിക്കേണ്ടി വരുന്നതുവഴി ജീവിതക്രമം തെറ്റി ഇവർ സമൂഹത്തിൽ നിന്നും അന്യവൽക്കരിക്കപ്പെടുകയും ചെയ്യുന്നു. ഒഴിഞ്ഞുപോകുവാൻ തയ്യാറല്ലാത്തവരെ ഭൂമിയ്ക്ക് ഇരട്ടി വില കൊടുത്ത് സ്വാധീനിക്കാനുള്ള ശ്രമത്തിലാണ് സർക്കാർ. പണവും അധികാരവും ഭീഷണിയാക്കി അധികൃതർ ഭൂമിയുടെ തീറാധാരം കൈയടക്കിയശേഷം വികസന പദ്ധതികൾക്കായി സ്വമേധയാ ഭൂമി തന്നുവെന്ന് കള്ളരേഖ ചമയ്ക്കുകയാണ്. നൂറ്റാണ്ടുകൾ പഴക്കമുള്ള 1894ലെ സ്ഥലമെടുപ്പ് ആക്ടാണ് ഭൂമി പിടിച്ചെടുക്കുന്നതിനായി സർക്കാർ നാട്ടുകാർക്ക് നേരെ പ്രയോഗിക്കുന്നത്. പുനരധിവാസത്തിന് പരിരക്ഷകളൊന്നുമില്ലാത്ത ഈ പുരാതന നിയമത്തിലെ മനുഷ്യാവകാശ നിഷേധങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടതാണ്.

## മറ്റ് പ്രശ്നങ്ങൾ

സ്പെഷൽ ഇക്കണോമിക് സോണിന്റെ (SEZ) പരിധിയിൽപ്പെടുത്തിയ പദ്ധതിയാണ് വല്ലാർപ്പാടം ടെർമിനൽ. ബി.ഒ.ടി. (ബിൽഡ് ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ) അടിസ്ഥാനത്തിലാണ് ദുബായ് പോർട്ട് വേൾഡ് കമ്പനി ടെർമിനലിന്റെ നിർമ്മാണം നടത്തുന്നത്. ബി.ഒ.ടി. കരാർ പ്രകാരം മുപ്പതു വർഷത്തേക്ക് ടെർമിനൽ നടത്തുവാനുള്ള അധികാരം സർക്കാർ ദുബായ് പോർട്ടിന് നൽകിയിരിക്കുകയാണ്. ടെർമിനലുമായി ബന്ധപ്പെട്ട കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനവും, ക്രെയിനുകൾ സ്ഥാപിക്കുകയും മാത്രമാണ് ദുബായ് കമ്പനി ചെയ്യുന്ന പ്രവർത്തികൾ. 1800 കോടി രൂപയാണ് അവർ ഇതിനായി ചിലവഴിക്കുന്നത്. എന്നാൽ മറ്റ് ബഹുഭൂരിപക്ഷം ചിലവുകളും വഹിക്കുന്നത് സർക്കാർ തന്നെയാണ്. ടെർമിനലിനെ റെയിൽ വഴി ബന്ധിപ്പിക്കുന്ന പാത 245 കോടി രൂപ ചിലവിട്ട് ഇന്ത്യൻ റെയിൽവേയും റോഡ് നിർമ്മാണം 555 കോടി രൂപ ചിലവിട്ട് കേന്ദ്ര ഹൈവേ അതോറിറ്റിയും സ്ഥലമെടുപ്പ് ജോലികൾ ജില്ലാ ഭരണകൂടത്തിന്റെ സാമ്പത്തിക മേൽനോട്ടത്തിലുമാണ് നടത്തുന്നത്. ചുരുക്കത്തിൽ സർക്കാർ ഖജനാവിൽ നിന്നുള്ള സമ്പത്ത് ദുബായ് പോർട്ട് വേൾഡ് എന്ന സ്വകാര്യ കമ്പനിയെ സഹായിക്കുന്നതിനായ് ചിലവഴിച്ച് ടെർമിനലിന്റെ 30 വർഷത്തേക്കുള്ള പൂർണ്ണ അധികാരം സർക്കാർ അവർക്ക് നൽകുകയാണ്. എല്ലാ വർഷവും ലാഭത്തിന്റെ 33 ശതമാനം

ദുബായ് കമ്പനി പോർട്ട് ട്രസ്റ്റിന് നൽകണമെന്നതു മാത്രമാണ് കരാർ പ്രകാരം സർക്കാരിന് ലഭിക്കുന്ന സാമ്പത്തിക നേട്ടം. പല പാട്ടകരാറുകാരും ഉടമസ്ഥരായ അനുഭവങ്ങൾ നിലനിൽക്കുന്ന നമ്മുടെ സമകാലിക സാഹചര്യത്തിൽ 30 വർഷത്തേക്ക് ഒരു സ്വകാര്യ കമ്പനിക്ക് അന്താരാഷ്ട്ര തുറമുഖം പോലെ ദേശീയ പ്രാധാന്യമുള്ള സ്ഥലം പാട്ടത്തിന് നൽകുന്നതിന്റെ അപകടങ്ങളൊന്നും ആരും പരിഗണിച്ചിട്ടില്ല. ജനങ്ങളുടെ അഭിപ്രായരൂപീകരണം നടത്താതെയാണ് കൊട്ടിഘോഷിക്കപ്പെടുന്ന നമ്മുടെ ജനാധിപത്യ വ്യവസ്ഥതിയിൽ സർക്കാർ ടെർമിനലും അനുബന്ധ റോഡ്, റെയിൽ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയിരിക്കുന്നത്. വല്ലാർപാടം പദ്ധതി കൂടി പൂർത്തിയാകുമ്പോൾ വികസനം ജനാധിപത്യ അവകാശങ്ങൾ ലംഘിക്കാനുള്ള ഒരു ഉപാധിയായി ആവർത്തിക്കപ്പെടുന്നതായാണ് കാണാൻ കഴിയുന്നത്.

## ബദൽ മാർഗ്ഗങ്ങൾ

വല്ലാർപാടം ടെർമിനലിനെ റെയിൽ-റോഡ് വഴി ബന്ധിപ്പിക്കുന്നതിന് സാമ്പത്തിക ബാദ്ധ്യതകൾ കുറഞ്ഞ, ജനോപദ്രവകരമല്ലാത്ത നിരവധി പദ്ധതികൾ നിലനിൽക്കെയാണ് സർക്കാർ ഇപ്പോഴത്തെ രൂപരേഖയിൽ കടിച്ചുതൂങ്ങി മുന്നോട്ടുപോകുന്നത്. ഹൈക്കോടതിയ്ക്ക് സമീപം കാടുകയറി കിടക്കുന്ന എറണാകുളം റെയിൽവേ ഗുഡ്സ്യാർഡ് എന്ന കൊച്ചയിലെ പഴയ റെയിൽവേ സ്റ്റേഷനിൽനിന്നും 3 കിലോമീറ്റർ പാത നീട്ടിയാൽ ആരെയും ഒഴിപ്പിക്കാതെ വല്ലാർപാടത്തെത്താൻ കഴിയും. ഗാന്ധിജിയും വിവേകാനന്ദനുമെല്ലാം വണ്ടിയിറങ്ങിയിട്ടുള്ള ഈ പഴയ ഇ. ആർ.ജി. റെയിൽവേ സ്റ്റേഷൻ കാടുകയറി നശിച്ചു തുടങ്ങിയിട്ടുണ്ടെങ്കിലും നിലനിൽക്കുന്ന റെയിൽപാത തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വേഗം വർദ്ധിപ്പിക്കാനുതകുന്നതാണ്. പരിസ്ഥിതി സാമൂഹിക പ്രവർത്തകർ ഈ റെയിൽപാതയുടെ സാദ്ധ്യത സർക്കാരിനെ ധരിപ്പിച്ചെങ്കിലും നിലവിലുള്ള പദ്ധതി പ്രകാരം നിരവധി പേരെ പെരുവഴിയിലാക്കാനുള്ള തീരുമാനത്തിൽ സർക്കാർ ഉറച്ചുനിൽക്കുകയാണ്. ഇ.ആർ.ജി. സ്റ്റേഷന് സമീപം നൂറേക്കറിലധികം സ്ഥലം വെറുതെ കിടക്കുന്നുണ്ടെങ്കിലും തിരക്കുള്ള ഇടപ്പള്ളി സ്റ്റേഷനിൽ നിന്നുതന്നെ റെയിൽപാത ആരംഭിക്കണമെന്ന സർക്കാരിന്റെ നിർബന്ധം ചില സ്ഥാപിത താൽപര്യങ്ങൾ സംരക്ഷിക്കാനാണെന്ന സംശയം നിലനിൽക്കുന്നുണ്ട്. ടാറ്റ കമ്പനി ഹിന്ദുസ്ഥാൻ ലിവറിന് കൈമാറിയ ഭൂമി ഇ.ആർ.ജി. സ്റ്റേഷന് സമീപമുണ്ട്. അവിടെ ഹിന്ദുസ്ഥാൻ ലിവറിന്റെ ഫ്ളാറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. 'ഗ്രീൻ ഏക്കേഴ്സ്' എന്ന ഈ ഫ്ളാറ്റ് സമുച്ചയത്തിന്റെ അടുത്തുകൂടി കടന്നുപോകുന്നതിനാലും, ലൂർദ് ഹോസ്പിറ്റലിന്റെ 5 മീറ്റർ പാർക്കിംഗ് ഏരിയ പോകുമെന്നതിനാലുമാണ് സർക്കാർ ഇ.ആർ.ജി. വഴിയുള്ള റെയിൽപാത ഉപേക്ഷിക്കാൻ കാരണമെന്ന് കരുതാം. അടുത്തുകൂടി റെയിൽപാത കടന്നുപോയാൽ ഫ്ളാറ്റിൽ കഴിയുന്നവരുടെ സ്വച്ഛന്ദത നഷ്ടപ്പെടും. അതുകൊണ്ട് മൂന്ന് സെന്റ് ഭൂമി മാത്രം കൈവശമുള്ളവരെ കുടിയൊഴിപ്പിച്ച് റെയിൽപാതയുടെ വഴി മാറ്റിവിട്ട് ഫ്ളാറ്റ് ജീവിതങ്ങളെ സംരക്ഷിക്കേണ്ട കടമ തീർച്ചയായും സർക്കാരിനുണ്ട്!



റോഡ് വഴി ടെർമിനലിനെ ബന്ധിപ്പിക്കുന്നതിനും മറ്റ് മാർഗ്ഗങ്ങൾ നിലവിലുള്ളപ്പോഴാണ് വിനാശം വിതച്ചുകൊണ്ട് ഇപ്പോഴുള്ള വഴിയുടെ നിർമ്മാണം തുടരുന്നത്. വല്ലാർപാടത്തിന് സമീപം വൈപ്പിൻ കാളമുക്കിൽ നിന്നുമാരംഭിച്ച് മാല്യങ്കര വഴി കൊടുങ്ങല്ലൂരിൽ ചെന്നുചേരുന്ന നിർദ്ദിഷ്ട തീരദേശ ഹൈവേയാണ് വല്ലാർപാടത്തേക്ക് കണ്ടെയ്നർ ലോറികൾക്കെത്താൻ എളുപ്പമുള്ള മാർഗ്ഗം. ഈ തീരദേശ ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സർക്കാർ ആരംഭിച്ചുകഴിഞ്ഞു. ശുദ്ധജല ലഭ്യത കുറഞ്ഞ തീരെ വികസിതമല്ലാത്ത തീരപ്രദേശത്തുകൂടിയാണ് ഈ ഹൈവേയുടെ പ്ലാൻ കടന്നുപോകുന്നത്. വളരെകുറച്ച് കുടുംബങ്ങൾ മാത്രമാണ് പദ്ധതിയ്ക്ക് കീഴിൽ വരുന്ന പ്രദേശങ്ങളിൽ താമസിക്കുന്നത്. ജീവിത സാഹചര്യങ്ങൾക്കുള്ള പ്രയാസം കാരണം ഭൂമിയുടെ വില നൽകിയാൽ ഒഴിഞ്ഞു പോകാൻ തയ്യാറാണ് ഇവരിലേറെപ്പേരും. എല്ലായിടത്തുനിന്നും നീതി നിഷേധിക്കപ്പെട്ട് 1894 ലെ സ്ഥലമെടുപ്പ് ആക്ട് പ്രകാരം ഭൂമി പിടിച്ചെടുക്കാൻ സർക്കാർ തയ്യാറായ സാഹചര്യത്തിൽ നന്ദിഗ്രാം മോഡൽ സമരത്തിലേക്ക് കാര്യങ്ങൾ നീങ്ങുമെന്ന് സ്ഥലവാസികൾ പറയുന്നു.

വികസനത്തിന്റെ വഴി ജനകീയമാർഗ്ഗങ്ങളെല്ലാം നിഷേധിച്ച് അധികാരത്തിന്റെ ബലപ്രയോഗത്തിലൂടെ മുന്നോട്ട് നീങ്ങുമ്പോൾ വൻകിട പദ്ധതികൾക്കായി തുടച്ചുനീക്കപ്പെട്ട ജനതയാൽ 'വികസനം' ചോദ്യം ചെയ്യപ്പെടാൻ പോകുന്നതിന്റെ മുന്നറിയിപ്പാണ് വല്ലാർപാടത്തെ ജനകീയ സമരങ്ങൾ.

*കേരളീയം, തൃശൂർ-21*